ഖുത്ബ നമ്പർ

12

22-03-2013

بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ

# ഇമാമുസ്സമാന്റെ ആവശ്യകത

ഹദ്റത് മസീഹ് മൗഊദ് (അ) തന്റെ ഒരു കവിത ശകലത്തിൽ പറയുന്നു.

"ഇത് മസീഹിന്റെ കാലമായിരുന്നു.
മറ്റാരുടെയും കാലമായിരുന്നില്ല.
ഞാൻ വന്നില്ലായിരുന്നെങ്കിൽ
മറ്റാരെങ്കിലും വരുമായിരുന്നു."

ആ മഹാത്മാവ് തന്റെ വിജ്ഞാപനത്തിൽ പറയുന്നു. "ചില അല്പജ്ഞാനികൾ മനസ്സിലാക്കിയിരിക്കുന്നത് ഇൽഹാം ലഭിക്കുന്നു എന്ന് ഞാൻ വ്യാജേന വാദിച്ചിരിക്കുകയാണെന്നാണ്. ഇത് തെറ്റാണ്. യഥാർത്ഥത്തിൽ ആകാശ ഭൂമികൾ സൃഷ്ടിച്ച, ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച സർവ്വശക്തനായ ദൈവത്തിന്റെ പ്രവർത്തിയാണിത്. അല്ലാഹുവിലുള്ള വിശ്വാസം ജനങ്ങളിൽ കുറഞ്ഞുവരുന്ന കാലത്ത് എന്നെ പോലുള്ള ഒരു മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നു. അല്ലാഹു ആ വ്യക്തിയോട് സംസാരിക്കുന്നു. അദ്ദേഹം മുഖേന തന്റെ അത്ഭുത പ്രവർത്തികൾ കാണിക്കുകയും ചെയ്യുന്നു. അങ്ങനെ ദൈവം ഉണ്ടെന്ന് ജനങ്ങൾ മനസ്സിലാക്കാൻ തുടങ്ങുന്നു.

ഇന്ന് 22 മാർച്ചാണ്. മാർച്ച് 23 ന് അഹ്മദിയ്യാ ജമാഅത്തിനകത്ത് മസീഹ് മൗഊദ് ദിനമായി ആചരിച്ചു വരുന്നു. നാളെ മാർച്ച് 23 ആണ്. ഇതു സംബന്ധമായി ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ സ്വന്തം വാക്കുകളിൽ ആ മഹാത്മാവിന്റെ സത്യത്തിനുള്ള സാക്ഷ്യങ്ങൾ,അദ്ദേഹത്തിന് ലഭിച്ച അല്ലാഹുവിന്റെ സഹായങ്ങൾ, ഇമാമുസ്സമാന്റെ ആവശ്യം, മുസ്ലീംകളെ അദ്ദേഹത്തിൽ വിശ്വാസിക്കാനും അദ്ദേഹത്തിന്റെ സ്ഥാനം മനസ്സിലാക്കുന്നതിനുമുള്ള ക്ഷണം എന്നിവയെല്ലാം കേൾപ്പിക്കുന്നതാണ്.

പറയുന്നു: "വാഗ്ദത്ത മസീഹിന്റെ അടയാളങ്ങളായി പറയപ്പെട്ട ഭൂമിയിൽ നിന്നും ആകാശത്തു നിന്നും പ്രത്യക്ഷപ്പെടേണ്ട ദുരന്തങ്ങൾ എല്ലാം എന്റെ കാലത്ത് പ്രത്യക്ഷമാകുകയുണ്ടായി. റമദാനിൽ സൂര്യചന്ദ്ര ഗ്രഹണങ്ങൾ ഉണ്ടായിട്ട് കാലമേറെയായി. വാൽനക്ഷത്രം വെളിപ്പെട്ടിട്ടും കുറേ ആയി. ഭൂകമ്പങ്ങൾ വന്നു. മഹാമാരി വന്നു. (പ്ലേഗ് പോലുള്ള രോഗങ്ങൾ) ക്രിസ്തു മതം അതിശക്തമായ നിലയിൽ ലോകത്ത് വ്യാപിക്കുകയുണ്ടായി. മുമ്പേ രേഖപ്പെടുത്തപ്പെട്ടതു പോലെ അതി ശക്തമായ നിലയിൽ ഞാൻ നിഷേധിക്കപ്പെടുകയും ചെയ്തു. ( ഇതും പ്രവചനമായിരുന്നു. മുൻ ഭക്തർ ഇതെഴുതിവെച്ചിട്ടുണ്ട്. വാഗ്ദത്ത മസീഹ് വരുമ്പോൾ അദ്ദേഹം നിഷേധിക്കപ്പെടുന്നതാണ്. അദ്ദേഹത്തെ കള്ളനാണെന്ന് പറയും കാഫിറാണെന്ന് പറയും) ഇങ്ങനെയുള്ള എല്ലാ അടയാളങ്ങളും പുലരുകയുണ്ടായി. അതോടൊപ്പം ഹൃദയങ്ങളെ സത്യത്തിലേക്ക് നയിക്കുന്ന വിജ്ഞാനങ്ങളും ആത്മജ്ഞാനങ്ങളും വെളിപ്പെടുകയും ചെയ്തിരിക്കുന്നു."

ആ മഹാത്മാവ് തന്റെ സത്യസാക്ഷ്യത്തിനായാണ് ഇത് പറഞ്ഞത്. ഇതെല്ലാം പ്രത്യക്ഷമായിട്ടും നിങ്ങൾ ഇതിനെ കുറിച്ച് ചിന്തിക്കുന്നില്ലെ ?

ഇതേപോലെ മറ്റൊരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു: " പ്രകൃതിയെയും പ്രപഞ്ചത്തെയും പിൻപറ്റാൻ ആഗ്രഹിക്കുന്നവർക്ക് അല്ലാഹു വളരെ ഉത്തമമായ ഒരവസരമാണ് ഇവിടെ സൃഷ്ടിച്ചിരിക്കുന്നത്. അവർക്ക് എന്റെ വാദം അംഗീകരിക്കൽ എളുപ്പമാണ്. കാരണം ഞങ്ങളുടെ മറ്റുള്ള എതിരാളികൾ അകപ്പെട്ടതു പോലുള്ള വിഷമസന്ധിയിൽ ഇവർ അകപ്പെട്ടിട്ടില്ല. കാരണം ഈസാ(അ) മരിച്ചു പോയിട്ടുണ്ടെന്ന് ഇവർക്ക് വ്യക്തമായി അറിയാവുന്നതാണ്" ഈസാ നബി (അ) മരിച്ചു പോയെന്ന് വിശ്വസിക്കുന്നവർ വാഗ്ദത്ത മസീഹിന്റെ വാദത്തെ കുറിച്ച് കൂലങ്കശമായി ചിന്തിക്കേണ്ടതാണ്.

പറയുന്നു: "വാഗ്ദത്ത മസീഹിനെ കുറിച്ച് ഹദീസുകളിൽ പറയപ്പെട്ട പ്രവചനം മുതവാത്തിറായിട്ടുള്ളതാണ്. അത് നിഷേധിക്കുക എന്നത് ബുദ്ധിമാനായ ആർക്കും യോജിച്ചതല്ല. അതു കൊണ്ട് വരാനിരിക്കുന്ന മസീഹ് ഇതേ ഉമ്മത്തിൽ നിന്നു തന്നെയായിരിക്കും എന്ന് അവർക്ക് തീർച്ചയായും അംഗീകരിക്കേണ്ടതായി വരുന്നു. എന്നാൽ വാഗ്ദത്ത മസീഹാണെന്ന വാദം ഞങ്ങൾക്കെങ്ങനെ അംഗീകരിക്കാൻ സാധിക്കും എന്ന അവരുടെ ചോദ്യം പ്രസക്തമാണ്"(വാഗ്ദത്ത മസീഹ് ഇതേ ഉമ്മത്തിൽ നിന്ന് വരും എന്നത് ശരിയാണെങ്കിലും വാഗ്ദത്ത മസീഹ് താനാണെന്ന വാദം ഞങ്ങൾക്കെങ്ങനെ അംഗീകരിക്കാൻ കഴിയും എന്ന ചോദ്യം അർത്ഥവത്താണ്) ആ വാഗ്ദത്ത മസീഹ് താങ്കൾ തന്നെയാണെന്നതിനുള്ള തെളിവ് എന്താണ്.

അതിനുള്ള മറുപടി ഇതാണ്. "ഏതൊരു കാലത്ത്, ഏതൊരു നാട്ടിൽ, ഏത് പ്രദേശത്ത് വാഗ്ദത്ത മസീഹ് വരും എന്ന് വിശുദ്ധഖുർആനിൽ നിന്നും ഹദീസിൽ നിന്നും തെളിയുന്നുവോ, ഏതെല്ലാം സുപ്രധാന പ്രവർത്തനങ്ങളാണ് മസീഹിന്റെ വ്യക്തിത്വമായി ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്നത്, വാഗ്ദത്ത മസീഹിന്റെ കാലത്ത് പ്രത്യക്ഷപ്പെടുമെന്ന് പറഞ്ഞിട്ടുള്ള ഭൂമിയിൽ നിന്നും ആകാശത്തു നിന്നും പ്രത്യക്ഷമാകുന്ന വിപത്തുകൾ, ഏതൊരു ദിവ്യജ്ഞാനത്തെകുറിച്ച്

വാഗ്ദത്ത മസീഹിന്റെ പ്രത്യേക ഗുണമായി എടുത്ത് പറഞ്ഞിരിക്കുന്നുവോ അതെല്ലാം അല്ലാഹു തആലാ എന്നിലും എന്റെ കാലത്തും എന്റെ നാട്ടിലും ഒരുമിച്ച് കൂട്ടിയിരിക്കുകയാണ്. കൂടാതെ കൂടുതൽ സ്ംതൃപ്തി കൈവരുന്നതിനായി ആകാശീയമായ പിന്തുണ എനിക്ക് നൽകുകയും ചെയ്തു”

തുടർന്ന് ഫാർസിയിൽ ഒരു കവിത എഴുതിയിട്ടുണ്ട്.

چوں مرا حکم از پئے قوم مسیحی دادہ اند
مصلحت را ابن مریم نام من بنہادہ اند
آسماں بارد نشان الوقت می گوید زمین
این دو شاہد از پئے تصدیق من استادہ اند

മസീഹിന്റെ സമൂഹത്തിനായി ഞാൻ കൽപ്പിക്കപ്പെട്ടതുകൊണ്ട് എന്റെ പേര് ഇബ്നു മർയം എന്ന് നാമകരണം ചെയ്തിരിക്കുന്നു. ആകാശം അടയാളങ്ങൾ വർഷിച്ചുകൊണ്ടിരിക്കുന്നു. സമയം ഇതാണെന്ന് ഭൂമിയും വിളിച്ചു പറയുന്നു. ഈ രണ്ട് സാക്ഷികളും എനിക്കായി സാക്ഷി പറയാൻ തയ്യാറായി നിൽക്കുകയാണ്.”

“ഇതിന്റെ വിശദീകരണം ഇപ്രകാരമാണ്. വിശുദ്ധഖുർആന്റെ അടിസ്ഥാന തത്ത്വത്തിൽ നിന്നും സൂചന ലഭിക്കുന്നത് നബി (സ) മൂസാ നബിയുടെ സദൃശ്യനാണ്. അദ്ദേഹത്തിന്റെ ഖിലാഫത്തിന്റെ പരമ്പര മൂസാനബിയുടെ ഖിലാഫത്ത് പരമ്പരയോട് പൂർണ്ണമായും യോജിച്ചു വരുന്നു. അവസാന കാലത്ത്, ഇസ്റാഈലി നുബുവ്വത്തിന്റെ അവസാനത്തിലെത്തുമ്പോൾ, ബനീ ഇസ്റാഈൽ വിവിധ കക്ഷികളായിപ്പിരിയുകയും പരസ്പരം കളവാക്കുകയും എത്ര മാത്രമെന്നാൽ ചിലർ ചിലരെ കാഫിറാണെന്ന് വരെ പറയുകയും ചെയ്യുമ്പോൾ മൂസാ നബിയുടെ ദീനിനെ സംരക്ഷിക്കുന്നതിനായി അല്ലാഹു ഒരു പ്രവാചകൻ ഈസ (അ) സൃഷ്ടിക്കുന്നതാണെന്ന് ഹ: മൂസാനബിയോട് അല്ലാഹു വാഗ്ദാനം ചെയ്തിരുന്നു. അദ്ദേഹം ബനീ ഇസ്റാഈലിലെ വിവിധ ആടുകളെ തന്റെ പക്കൽ ഒരുമിച്ച് കൂട്ടുന്നതാണ്. ചെന്നായയേയും ചെമ്മരിയാടിനേയും ഒരു സ്ഥലത്ത് ഒരുമിച്ച് കൂട്ടുന്നതാണ്. എല്ലാ കക്ഷികൾക്കും വിധികർത്താവായി വന്നുകൊണ്ട് ആഭ്യന്തര ഭിന്നതയെ അവരുടെ ഇടയിൽ നിന്നും നീക്കിക്കളയുന്നതാണ്.(മർദ്ദിതരേയും മർദ്ദകരേയും ഒരുമിച്ച് കൂട്ടും. ഇത് ഈസാ നബിയെ കുറിച്ചുള്ള പ്രവചനമായിരുന്നു. അദ്ദേഹം വിദ്വേഷത്തെയും പകയേയും അകറ്റുന്നതാണ്) ഇതേ വാഗ്ദാനം വിശുദ്ധ ഖുർആനിലും നൽകപ്പെട്ടിട്ടുണ്ട്. ഇതിലേക്കാണ് വിശുദ്ധ ഖുർആനിലെ ഈ വചനം വിരൽ ചൂണ്ടുന്നത്. **ആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം.**

ഹദീസുകളിൽ ഇതിന്റെ വിശദവിവരം കാണാവുന്നതാണ്. അതിൽ എഴുതിയിട്ടുണ്ട്: യഹൂദികൾ എത്ര കക്ഷികളായി പിരിഞ്ഞിട്ടുണ്ടോ ഈ ഉമ്മത്തും അത്ര തന്നെ കക്ഷികളായി പിരിയുന്നതാണ്. ഈ കക്ഷികൾ പരസ്പരം കളവാക്കുകയും കാഫിറാക്കുകയും ചെയ്യും. അവരെയെല്ലാം പരസ്പരം വിദ്വേഷത്തിലും ശത്രുതയിലും പകയിലും അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കും. (പരസ്പരം വിദ്വേഷത്തിലും ശത്രുതയിലും മത്സരിച്ച് മുന്നേറും). വാഗ്ദത്ത മസീഹ് വിധികർത്താവായി ഭൂമിയിൽ വരുന്നതുവരെ ഇത് തുടങ്ങും. അദ്ദേഹം ഹകം ആയി വന്നാൽ വിദ്വേഷവും പകയും എല്ലാം ദുരീകരിക്കും. അദ്ദേഹത്തിന്റെ കാലത്ത് ചെന്നായയും ചെമ്മരിയാടും ഒരു സ്ഥലത്ത് ഒന്നിക്കും. മർദ്ദകരും മർദ്ദിതരും ശക്തരും ദുർബലരും എല്ലാം ഒന്നായിചേർന്ന് ഒരു മതത്തിൽ നിലയുറപ്പിക്കും. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ വേണ്ടി മാത്രം അവർ ശ്രമിക്കുന്നതാണ്.

ഇസ്റാഈലി സമൂഹത്തിനിടയിൽ വലിയ ഭിന്നത നിലനിന്നിരുന്ന കാലത്താണ് ഈസാനബി വന്നിരുന്നതെന്ന് ചരിത്രപഠിതാക്കൾക്ക് അറിയാവുന്നതാണ്. അവർ അപ്പോൾ പരസ്പരം കളവാക്കുന്നതിലും കാഫിറാക്കുന്നതിലും മുഴുകിയിരിക്കുകയായിരുന്നു. അതേപോലെ മുസ്‌ലിംകൾക്കിടയിൽ ആഭ്യന്തരഭിന്നത അതിരൂക്ഷമായ കാലത്താണ് ഈ വിനീതനും ആഗതനായിരിക്കുന്നത്. ഇവിടെയും ഒരു കക്ഷി മറ്റെ കക്ഷിയെ കാഫിറാക്കികൊണ്ടിരിക്കുകയാണ്. ഈ ഭിന്നതയുടെ അവസരത്തിൽ മുസ്‌ലിം ഉമ്മത്തിന് ഒരു ഹകമിന്റെ ആവശ്യമുണ്ടായിരുന്നു. അതിനാൽ അല്ലാഹു എന്നെ വിധികർത്താവായി, ഹകമായി അയച്ചിരിക്കുകയാണ്.”

ഇന്നും മുസ്‌ലിംകൾ കുഫ്റ് ഫത്‌വ പരസ്പരം നൽകികൊണ്ടിരിക്കുകയാണ്. ഇവർ അഹ്മദിക്കയ്യാ ജമാഅത്തിന്നെതിരിൽ ചീത്തവിളിക്കാനും കാഫിറാക്കാനും ഒന്നായിച്ചേരുന്നുണ്ടെങ്കിലും ഇവർക്കിടയിൽ പരസ്പരമുള്ള കുഫ്റ് ഫത്‌വ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. “ഇവിടെ അത്ഭുതകരമായ ഒരു സാദൃശ്യം കൂടി പ്രകടമാണ്. അതിന് ഖുർആന്റെയും ഹദീസിന്റെയും സൂചനയും ലഭിക്കുന്നു. പറയുന്നു: ഹ : ഈസാ (അ) മൂസാ നബിക്ക് 13 നൂറ്റാണ്ടുകൾക്ക് ശേഷം 14 ാം നൂറ്റാണ്ടിലാണ് ജനിച്ചത്. ഇതേ പോലെ ഈ വിനീതനും അല്ലാഹുവിൽ നിന്ന് 14ാം നൂറ്റാണ്ടിലാണ് നിയോഗിക്കപ്പെട്ടത്. അതു കൊണ്ടാണെന്ന് തോന്നുന്നു ഉന്നതസ്ഥാനീയ്യരായ ആത്മദർശനം സിദ്ധിച്ചവർ മസീഹ് മൗഊദ് 14 ാം നൂറ്റാണ്ടിൽ വെളിപ്പെടുമെന്ന നിഗമനത്തിലെത്തിയത്.”

“അല്ലാഹു എന്റെ പേര് ‘ഗുലാം അഹ്മദ് ഖാദിയാനി’ എന്ന് വെച്ചുകൊണ്ടും ഇതിലേക്കാണ് സൂചന നൽകുന്നത്. കാരണം എന്റെ പേരിൽ 1300 എന്ന സംഖ്യ പൂർത്തിയാകുന്നുണ്ട്. (ഗുലാം അഹ്മദ് ഖാദിയാനി എന്നത് അബ്ജദിന്റെ കണക്കനുസരിച്ച് കണക്കുകൂട്ടുമ്പോൾ 1300 എന്ന് വരും) ചുരുക്കത്തിൽ ഖുർആനിൽ നിന്നും ഹദീസിൽ നിന്നും വരാനിരിക്കുന്ന മസീഹ് 14 ാം നൂറ്റാണ്ടിൽ പ്രത്യക്ഷപ്പെടുമെന്നതിന് വ്യക്തമായ തെളിവുകൾ ലഭിക്കുന്നുണ്ട്. ഇസ്‌ലാം മത കക്ഷികൾക്കിടയിൽ ഭിന്നതയും പരസ്പരം വിദ്വേഷവും വെച്ചു പുലർത്തുന്ന കാലത്തായിരിക്കും അദ്ദേഹം വരിക.”

സത്യസാക്ഷ്യത്തിനുള്ള മറ്റൊരു തെളിവ് നൽകുന്നു: പറയുന്നു: “ഫസൂസുൽ ഹകം എന്ന ഗ്രന്ഥത്തിൽ ശൈഖ് ഇബ്നുൽ അറബി തന്റെ ഒരു കശ്ഫ് എഴുതുന്നത്. അദ്ദേഹം (ഖാത്തവുൽ വലായത്ത്) ഇരട്ടയായാണ് ജനിക്കുക. (അതായത് മസീഹ് മൗഊദ്) അദ്ദേഹത്തോടൊപ്പം ഒരു പെൺകുട്ടിയും ജനിക്കും. അദ്ദേഹം ചൈനയുമായി ബന്ധപ്പെട്ടിരിക്കും. അദ്ദേഹത്തിന്റെ മാതാപിതാക്കൾ ചൈനയിൽ താമസിച്ചവരായിരിക്കും. അതിനാൽ അല്ലാഹുവിന്റെ ഇംഗിതം ഇതെല്ലാം പൂർത്തിയാക്കി കാണിച്ചു. ഞാൻ ഇരട്ടയായാണ്

ജനിച്ചതെന്ന് എഴുതുകയുണ്ടായി. എന്നോടൊപ്പം ഒരു പെൺകുട്ടിയും പിറന്നിരുന്നു. ഞങ്ങളുടെ പൂർവ്വികർ സമർക്കന്തിൽ -അത് ചൈനയുമായി ബന്ധപ്പെട്ടു നിൽക്കുന്നു- താമസിച്ചിരുന്നു"

പറയുന്നു: ഞാൻ മുമ്പ് എഴുതിയിട്ടുണ്ട്. ഒരാൾ ദൈവനിയോഗിതനാണെന്ന് വാദിക്കുന്നുണ്ടെങ്കിൽ അദ്ദേഹത്തിന്റെ വാദം സമ്പൂർണ്ണവും പരിപൂർണ്ണവുമായ നിലയിൽ സ്ഥാപിക്കപ്പെടുന്നത് വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ മൂന്ന് രീതിയിൽ അത് തെളിയിക്കപ്പെടുമ്പോഴാണ്. ഒന്ന്, പ്രമാണികമായ തെളിവ് അദ്ദേഹത്തിന്റെ സാക്ഷ്യത്തിന് ഉണ്ടായിരിക്കണം. അഹേത്തിന്റെ വാദം വിശുദ്ധ ഖുർആന് വിരുദ്ധമാകാൻ പാടില്ല. രണ്ടാമത്തേത് ബുദ്ധിപരമായ തെളിവ് അദ്ദേഹത്തെ സത്യപ്പെടുത്തുന്നതിന് സഹായകരവുമായിരിക്കണം. മൂന്നാമത്തെ കാര്യം ആകാശീയമായ അടയാളങ്ങൾ ആ വാദിയെ സാക്ഷ്യപ്പെടുത്തിയിരിക്കണം."

"ചുരുക്കത്തിൽ ഈ മൂന്ന്വിധ തെളിവുകളുടെ അടിസ്ഥാനത്തിലും എന്റെ വാദം സത്യപ്പെടുത്തുന്നുണ്ട്. ഹദീസിലെ ശക്തമായ തെളിവുകൾ സത്യാന്വേഷിക്ക് യഥാർത്ഥ ഉൾക്കാഴ്ച്ച നൽകുന്നു.(സത്യാന്വേഷികളാണെങ്കിൽ അവർക്ക് ഇത് മതിയാകുന്നതാണ്. പിടിവാശിയാണെങ്കിൽ തെളിവായിരിക്കില്ല. സത്യാന്വേഷികൾക്ക് പൂർണ്ണ ഉൾക്കാഴ്ച്ച നൽകുന്നു) എന്റെ വാദത്തെക്കുറിച്ച് സമ്പൂർണ്ണ സംതൃപ്തി അവർക്ക് നൽകുന്നു. അതിലൊന്ന് മസീഹിനെകുറിച്ചുള്ള വ്യത്യസ്ത രൂപങ്ങളുടെ വിവരണങ്ങൾ ഉൾപ്പെടുന്നു. സ്വഹീഹ് ബുഖാരി 458തുടങ്ങിയ പേജുകളിൽ അത് രേഖപ്പെട്ടുകിടക്കുന്നു. ബാബ്നുസൂലു ഈസാ, കിതാബുൽ അമ്പിയായിൽ ബുഖാരിയിൽ ഇതിനെ കുറിച്ച് പരാമർശമുണ്ട്. അതിൽ മുഹമ്മദീ മസീഹിന്റെ രൂപവും മസീഹ് നാസ്രിയുടെ രൂപവും വിവരിച്ചിട്ടുണ്ട്. അത് രണ്ടും വ്യത്യസ്തമാണ്. മസീഹിനെ സംബന്ധിച്ചുള്ള ഹദീസുകളിൽ തിരുനബി (സ) അദ്ദേഹത്തെ കഅ്ബ വലയം ചെയ്യുന്നതായി കശ്ഫിന്റെ അവസ്ഥയിൽ കാണുകയുണ്ടായി. അതിൽ അദ്ദേഹത്തിന്റെ രൂപം എഴുതിയിട്ടുള്ളത് അദ്ദേഹം ഗോതമ്പിന്റെ നിറവും ചുരുണ്ട മുടിയോടെയല്ലാതെ നേരെയുള്ള മുടിയോടി കൂടിയവനായിരിക്കുമെന്നും കാണാം. ഇസ്റാഈലി നബിയായിരുന്ന യഥാർത്ഥ ഈസായുടെ രൂപം എഴുതിയത് അദ്ദേഹത്തിന്റെ നിറം ചുവപ്പും മുടി ചുരുണ്ടതുമാണെന്നാണ്. സ്വഹീഹ് ബുഖാരിയിൽ വരാനിരിക്കുന്ന മസീഹിനെക്കുറിച്ച് ഗോതമ്പിന്റെ നിറവും നീണ്ട മുടിയും എന്നാണ് വിവിധ സ്ഥലത്ത് എഴുതിയിട്ടുള്ളത്. എന്നാൽ ഈസാ (അ) ന്റെ രൂപം പറയുമ്പോൾ ചുവപ്പും ചുരുണ്ട മുടിയും എന്നാണ് എഴുതിയിട്ടുള്ളത്."

"ഇതിൽ നിന്നും മനസ്സിലാകുന്നത് വരാനിരിക്കുന്ന മസീഹിനെ തിരുനബി (സ) വേറിട്ട ഒരു വ്യക്തിത്വമായാണ് അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ ഗുണമായി പറഞ്ഞത് ഇമാമുകും മിൻകും എന്നാണ്. അതേപോലെ ഹ: ഈസാ (അ)നെ മറ്റൊരു വ്യക്തിത്വമായാണ് പറഞ്ഞത്. ചില സാദൃശ്യങ്ങൾ കാരണം രണ്ടുപേരെക്കുറിച്ചും ഈസബ്നു മർയം എന്ന പേര് നൽകുകയാണുണ്ടായത്."

"മറ്റൊരു ചിന്തനിയ്യമായ കാര്യം ഇതാണ്. മസീഹ് മൗഊദിനെ കുറിച്ച് തിരുനബി (സ) പരാമർശിച്ച സ്ഥലത്തെല്ലാം വെറും ഗോതമ്പിന്റെ നിറവും നേരെയുള്ള മുടിയും എന്ന് മാത്രം പറഞ്ഞത് നിർത്താതെ പല സ്ഥലത്തും ദജ്ജാലിനെ കുറിച്ചും കൂടെ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ബനീ ഇസ്റാഈലിലെ ഈസ (അ) നെ കുറിച്ച് പറഞ്ഞ സ്ഥലത്തൊന്നും കൂടെ ദജ്ജാലിനെ കുറിച്ച് പറഞ്ഞിട്ടില്ല. ഇതിൽ നിന്നെല്ലാം തെളിയുന്നത് തിരുനബി (സ) രണ്ട് ഈസബ്നു മർയമിനെ കുറിച്ചാണ് പരാമർശിച്ചതെന്നാണ്. ഒരാൾ ഗോതമ്പിന്റെ നിറവും നേരെയുള്ള തലമുടിയുമുള്ള ആൾ. അദ്ദേഹം വെളിപ്പെടാനുള്ളതാണ്. അദ്ദേഹത്തോടൊപ്പം ദജ്ജാലും ഉണ്ടാകും. രണ്ടാമത്തെ മസീഹ് ചുവന്നതും ചുരുണ്ട മുടിയോടുകൂടിയതും ബനീ ഇസ്റാഈലിയും ആണ്. അദ്ദേഹത്തോടൊപ്പം ദജ്ജാൽ ഇല്ല."

ഹ: ഈസാ (അ) ശ്യാമി ആയിരുന്നു എന്നും നാം മനസ്സിലാക്കേണ്ടതാണ്. ശ്യാമിലുള്ളവരെ ഗോതമ്പിന്റെ നിറമുള്ളവർ എന്ന് ഒരിക്കലും പറയാറില്ല. എന്നാൽ ഇന്ത്യക്കാരെയാണ് ഗോതമ്പിന്റെ നിറമുള്ളവർ എന്ന് പറയാറുള്ളത്. ഈ തെളിവുകളിൽ നിന്നെല്ലാം മനസ്സിലാകുന്നത് വരാനിരിക്കുന്ന ഗോതമ്പിന്റെ നിറമുള്ള മസീഹ് അദ്ദേഹം ഒരിക്കലും ശ്യാമുമായി ബന്ധപ്പെട്ടവരായിരിക്കില്ല. മറിച്ച് അദ്ദേഹം ഇന്ത്യക്കാരനായിരിക്കും."

ക്രൈസ്തവരുടെ ചരിത്രത്തിൽ നിന്നും മനസ്സിലാകുന്ന മറ്റൊരു കര്യം ഈസ (അ) ഗോതമ്പ് നിറമുള്ള ആളായിരുന്നില്ല എന്നാണ്. പൊതുവിൽ ശ്യാമിലുള്ളവരെപോലെ ചുവന്ന നിറമുള്ള വ്യക്തിയായിരുന്നു. എന്നാൽ ഹദീസിന്റെ വചനങ്ങളിൽ നിന്നും തെളിയുന്നതുപോലെ വരാനിരിക്കുന്ന മസീഹ് ഒരിക്കലും ശ്യാമിയായിരിക്കില്ല എന്നാണ്."

പറയുന്നു: "ഇക്കാലത്തെ മൗലവിമാർ സത്യസന്ധതയിലും മതത്തിലും അടിയുറച്ചു നിന്ന് കൊണ്ട് ചിന്തിക്കുകയാണെങ്കിൽ 14 ാം നൂറ്റാണ്ടിലെ മുജദ്ദിദിന്റെ ജോലി കുരിശുടക്കലാണെന്ന് അവർക്ക് അംഗീകരിക്കേണ്ടതായി വരും. ഇത് വാഗ്ദത്ത മസീഹിന്റെ അതേ പ്രവർത്തിയായിരിക്കെ 14 ാം നൂറ്റാണ്ടിലെ മുജദ്ദിദ് വാഗ്ദത്ത മസീഹ് ആയിരിക്കും എന്നത് സംശയരഹിതമായി തെളിയുന്ന കാര്യമാണ്. 14 ാം നൂറ്റാണ്ടിൽ മദ്യപാനം, വ്യഭിചാരം തുടങ്ങിയ പാപങ്ങളും ദുഷ്പ്രവർത്തിയും വളരെയധികം അധികരിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ കാരണത്തെ കുറിച്ച് കൂലങ്കശമായി ചിന്തിക്കുകയാണെങ്കിൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് ഒരു വ്യക്തിയുടെ രക്തം മറ്റുള്ളവരെയെല്ലാം അവരുടെ തിന്മകളിൽ നിന്നും പാപങ്ങളിൽ നിന്നുമെല്ലാം മുക്തരാക്കി എന്ന് ഇവർ ഉൾക്കൊള്ളുന്ന തെറ്റായ വിശ്വാസമാണ്. (ഇന്ന് ഇത്രമാത്രം പാപങ്ങളും കുറ്റകൃത്യങ്ങളും പെരുകാനുള്ള കാരണം ഇവർ കൊണ്ടുനടക്കുന്ന പാപപരിഹാര സിദ്ധാന്തമാണ്. അതായത് ഈസാ നബിയുടെ രക്തത്തിൽ വിശ്വസിച്ചാൽ പാപങ്ങളെക്കുറിച്ച് ചോദിക്കപ്പെടുകയില്ല എന്നിവർ വിശ്വസിക്കുന്നു) ഇതു കാരണമാണ് ഇങ്ങനെയുള്ള കുറ്റകൃത്യങ്ങളിൽ യൂറോപ്പ് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത്.(യൂറോപ്പും അവരുമായി ബന്ധപ്പെടുന്നവരും ഇതിൽ ഉൾപ്പെടുന്നു)

അങ്ങനെയുള്ള സമൂഹങ്ങളുടെ സഹവാസം കാരണമായി ഏകദേശം എല്ലാ സമൂഹങ്ങളിലും തന്നെ നിയന്ത്രണമില്ലായ്മയും സ്വാതന്ത്രവും വർദ്ധിച്ചു വരികയാണ്. (ഇത് യൂറോ

പ്പിൽ മാത്രം ഒതുങ്ങുന്നില്ല. ഇവർ എവിടെയെല്ലാം പോകുന്നോ അതല്ലെങ്കിൽ ഇന്നുള്ള വാർത്ത മാധ്യമങ്ങളായ ടെലിവിഷൻ മുഖേന എല്ലായിടത്തും ഈ പ്രവണത എത്തുകയും അവിടങ്ങളിൽ നിർലജ്ജമായ പ്രവർത്തികൾ വർദ്ധിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു) ജനങ്ങൾ രോഗത്താൽ നശിപ്പിക്കപ്പെട്ടാലും വിപത്ത് അവരെ വിഴുങ്ങിക്കളഞ്ഞാലും ഈ വിപത്തുകളെല്ലാം വരുന്നത് മനുഷ്യന്റെ പ്രവർത്തന ഫലമാണെന്ന ചിന്ത ആർക്കും വരുന്നില്ല. (പല വിപത്തുകളും വരുന്നുണ്ട്. ഭൂകമ്പങ്ങളും കൊടുങ്കാറ്റുകളും എല്ലാം മനുഷ്യപ്രവർത്തനത്തിന്റെ പരിണിത ഫലമാണ്. എന്നാൽ ഇതിന്റെ കാരണങ്ങൾ എന്താണെന്ന് ആരും ചിന്തിക്കുന്നില്ല.) കാരണം അല്ലാഹുവിനോടുള്ള സ്നേഹം തണുത്തു പോയിരിക്കുന്നു. പ്രതാപവാനായ ദൈവത്തിന്റെ പ്രതാപം ജനഹൃദയങ്ങളിൽ കുറഞ്ഞു പോയിരിക്കുന്നു."

ഇക്കാലത്ത് വന്നു കൊണ്ടിരിക്കുന്ന വിപത്തുകളെകുറിച്ചും നാം ചിന്തിക്കേണ്ടിയിരിക്കുന്നു. നാമും ദുആയിലേക്ക് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. വാഗ്ദത്ത മസീഹിനെ അംഗീകരിക്കാത്തവർ ഇതിലേക്ക് ചിന്തിക്കുകയും ചെയ്യേണ്ടതാണ്. "ചുരുക്കത്തിൽ ക്രൈസ്തവരുടെ പാപപരിഹാര സിദ്ധാന്തം യൂറോപ്പിന് മദ്യപാനത്തിലേക്കും മറ്റെല്ലാ കുറ്റകൃത്യങ്ങളിലേക്കും കൂടുതൽ പ്രചോദനം നൽകുകയുണ്ടായി. അതോടൊപ്പം അവരുടെ ഈ കാഴ്ച്ചപ്പാട് മറ്റു സമൂഹങ്ങളിൽ വ്യാപിച്ചപ്പോൾ അവരും ഈ വിധ പ്രവർത്തിയിൽ ധൈര്യം കാണിക്കാൻ തുടങ്ങി. കുറ്റകൃത്യങ്ങളും ദുഷ്കർമ്മങ്ങളും തീർച്ചയായും മാരകമായ പകർച്ചവ്യാധിയാണെന്നതിൽ എന്ത് സംശയമാണിരിക്കുന്നത്. ഒരു മാന്യയായ സ്ത്രീ ദുഷ്ടരുടെ കൂടെ രാപ്പകൽ കഴിക്കുകയാണെങ്കിൽ അവർ ദുഷ്പ്രവർത്തിക്ക് അടിപ്പെട്ടില്ലെങ്കിൽ തന്നെയും തെറ്റായ പ്രവർത്തികൾ കണ്ട് കണ്ട് അവരുടെ ഹൃദയം ഏതായിരുന്നാലും മലീമസമായിത്തീരും. കാരണം സഹവാസം സ്വാധീനം ചെലുത്തുന്നതാണ്. ചുറ്റുപാടുകൾ സ്വാധീനം ചെലുത്തുന്നതാണ്."

പറയുന്നു: "അല്ലാഹുവിന്റെ അഭിമാനവും കാരുണ്യവും ആഗ്രഹിച്ചത് വിഷം ചീറ്റുന്ന കുരിശുവിശ്വാസത്തിൽ നിന്നും ലോകരെ രക്ഷിക്കാമെന്നാണ്. ഏതൊരു ദജ്ജാലിയ്യത്തി ലൂടെ മനുഷ്യനെ ദൈവമാക്കി മാറ്റിയിട്ടുണ്ടോ ആ ദജ്ജാലിയ്യത്തിന്റെ മറയെ നീക്കിക്കളയണം. 14 ാം നൂറ്റാണ്ടിൽ ഈ വിപത്ത് അതിന്റെ ഉച്ചിയിൽ എത്തിക്കഴിഞ്ഞിരുന്നു. അതു കൊണ്ട് അല്ലാഹുവിന്റെ ഫള്ലും കാരുണ്യവും ആഗ്രഹിച്ചത് 14 ാം നൂറ്റാണ്ടിലെ മുജദ്ദിദ് കുരിശുടക്കുന്നവനായിരിക്കണമെന്നാണ്. കാരണം മുജദ്ദിദ് വൈദ്യനെപോലെയാണ്. വൈ ദ്യന്റെ ജോലി എന്നത് ഏതൊരു രോഗമാണ് മുഴച്ചു നിൽക്കുന്നത് അതിനെ പൂർണ്ണമായും പറിച്ചു മാറ്റാൻ പരിശ്രമിക്കുക എന്നതാണ്."

അതിനാൽ കുരിശുടക്കുക എന്ന വാഗ്ദത്തമസീഹിന്റെ പ്രവർത്തിയാണെന്നത് ശരിയാണെങ്കിൽ, 14 ാം നൂറ്റാണ്ടിലെ മുജദ്ദിദിന്റെ പ്രവർത്തി കുരിശുടക്കലാണെങ്കിൽ അദ്ദേഹം വാഗ്ദത്ത മസീഹായിരിക്കുമെന്നതും ശരിതന്നെ"

കുരിശുടക്കൽ എങ്ങനെ? ഏതെല്ലാം മാർഗ്ഗത്തിലൂടെയാണ് കുരിശുടക്കുക? എന്ന പ്രസക്തമായ ചോദ്യം ഇവിടെ ഉന്നയിക്കപ്പെടാവുന്നതാണ്. നമ്മുടെ എതിരാളികളായ മൗലവിമാരുടെ വിശ്വാസം പോലെ അദ്ദേഹം യുദ്ധം മുഖേനയാകുമോ കുരിശുടക്കുക? അതല്ലെങ്കിൽ മറ്റു മാർഗ്ഗങ്ങളിലൂടെയായിരിക്കുമോ? ഇതിനുള്ള മറുപടി ഇതാണ്? നമ്മുടെ എതിരാളികളായ മൗലവിമാരിൽ അല്ലാഹു കരുണ ചൊരിയട്ടെ. ഈ വിശ്വാസത്തിൽ അവർ പൂർണ്ണമായും തെറ്റിലാണ്. വാഗ്ദത്ത മസീഹിന്റെ ഡ്യൂട്ടി യുദ്ധം ചെയ്യുക അല്ലേ അല്ല. ബുദ്ധിപരമായ തെളിവുകളിലൂടെയും ആകാശീയമായ അടയാളങ്ങളിലൂടെയും ദു:ആ മുഖേനയും ഈ ഫിത്നയെ ഇല്ലാതാക്കുന്നതാണ്. ഈ മൂന്ന് ആയുധങ്ങളാണ് അല്ലാഹു അദ്ദേഹത്തിന് നൽകിയിരിക്കുന്നത്. ഈ മൂന്നിലും അത്യത്ഭുതകരമായ ശക്തിപ്രഭാവങ്ങൾ അല്ലാഹു വെച്ചിട്ടുണ്ട്. മറ്റാർക്കും തന്നെ ഇക്കാര്യങ്ങളിൽ അദ്ദേഹത്തെ നേരിടാൻ സാധിക്കുകയില്ല. അവസാനം ഈ ഒരു രീതിയിലായിരിക്കും കുരിശുടക്കപ്പെടുക. അങ്ങനെ ഗവേഷണപാടുക്കളിൽ നിന്നും അതിനോടുള്ള ആദരവും മഹത്വവും ഇല്ലാതായിതീരുന്നതാണ്. പതുക്കെ പതുക്കെ തൗഹീദ് സ്വീകരിക്കാനുള്ള വിശാലമായ കവാടം തുറക്കപ്പെടുന്നതാണ്. ഇതെല്ലാം ഘട്ടംഘട്ടമായാണ് നടക്കുക. കാരണം അല്ലാഹുവിന്റെ എല്ലാ പ്രവർത്തികളും ഘട്ടം ഘട്ടമായാണ് നടക്കുന്നത്. ചിലത് നമ്മുടെ ജീവിതകാലത്തും മറ്റു ചിലത് അതിന് ശേഷവും നടക്കും. ഇസ്ലാം പ്രാരംഭത്തിലും ഘട്ടം ഘട്ടമായാണ് പുരോഗതിയുടെ പടവുകൾ കയറിയത്. അവസാനത്തിലും ഘട്ടം ഘട്ടമായി തന്റെ ആദ്യ അവസ്ഥയിലേക്ക് തിരിച്ചുവരുന്നതാണ്."

ഹ: മസീഹ് മൗഊദ് (അ) നെ അംഗീകരിച്ചവർ ഈ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിൽ മുഴുകേണ്ടത് അവരുടെ കടമ കൂടിയാണ്. തൗഹീദിനെ നിലയുറപ്പിക്കാനായി ശ്രമിക്കേണ്ടതാണ്.

പറയുന്നു: "ഒരു കാര്യം ഓർമ്മവെക്കണം ഇമാമുസ്സമാൻ (കാലത്തിന്റെ ഇമാം) എന്ന വാക്കിൽ നബി, റസൂൽ, മുഹദ്ദസ്, മുജദ്ദിദ് എല്ലാം ഉൾപ്പെടുന്നതാണ്. എന്നാൽ മാനവരാശിയുടെ മാർഗദർശനത്തിനായി നിയോഗിപ്പെടാത്തവർ, മാത്രമല്ല അവർക്ക് ആ വിധ മഹത്വങ്ങൾ നൽകപ്പെടാതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അവർ വലിമാരായാലും അബ്ദാലുകളായാലും ഇമാമുസ്സമാൻ എന്ന് അവരെക്കുറിച്ച് പറയുകയില്ല.

അവസാനമുള്ള പ്രശ്നം ഇതാണ്. പൊതു മുസ്ലിംകൾക്കും പരിത്യാഗികൾക്കും സ്വപ്ന ദർശികൾക്കും വെളിപാട് ലഭിക്കുന്നവർക്കുമെല്ലാം അംഗീകരിക്കൽ അല്ലാഹു നിർബന്ധമാക്കിയ ഇക്കാലത്തെ ഇമാമുസ്സമാൻ ആരാണ്? അല്ലാഹുവിന്റെ കൃപയോടും അവന്റെ സഹായത്തോടും കൂടി ഇക്കാലത്തെ ഇമാമുസ്സമാൻ ഞാനാണെന്ന് സധൈര്യം വെളിപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. അല്ലാഹു എന്നിൽ ആ എല്ലാ അടയാളങ്ങളും നിബന്ധനകളും പൂർത്തിയാക്കിയിരിക്കുന്നു. 14 ാം നൂറ്റാണ്ടിന്റെ തലക്കൽ അല്ലാഹു എന്നെ നിയോഗിക്കുകയും ചെയ്തു. അതിന്റെ തന്നെ 15 വർഷം ഇപ്പോൾ പിന്നിട്ടിരിക്കുന്നു. (ഇതെഴുതുമ്പോഴുള്ളതാണിത്) ഇസ്ലാമിക വിശ്വാസം അഭിപ്രായഭിന്നതയിൽ അകപ്പെട്ടിരിക്കുന്ന കാലത്താണ് ഞാൻ വെളിപ്പെട്ടത്. ഒരു വിശ്വാസം പോലും അഭിപ്രായ ഭിന്നതയിൽ നിന്ന് മുക്തമായിരുന്നില്ല. ഇതേപോലെ മസീഹിന്റെ ഇറക്കത്തെ കുറിച്ചും വളരെ തെറ്റായ വിശ്വാസ

ങ്ങൾ വ്യാപിച്ചിട്ടുണ്ടായിരുന്നു. ഈ വിശ്വാസത്തിലും ഇത്രമാത്രം വൈരുധ്യമുണ്ടായിരുന്നുവെന്നാൽ ചിലർ ഈസാനബി ജീവിച്ചിരിപ്പുണ്ടെന്ന് വിശ്വസിച്ചു പോന്നു. ചിലർ മരിച്ചെന്ന് വിശ്വസിച്ചു. ചിലർ ബാഹ്യ ശരീരത്തോടെ ഇറങ്ങും എന്ന് വിശ്വസിച്ചപ്പോൾ മറ്റു ചിലർ ആലങ്കാരിക അർത്ഥത്തിലുള്ള ഇറക്കത്തിലാണ് വിശ്വസിച്ചത്. ചിലർ ദമസ്ക്കസിൽ ഇറക്കുമ്പോൾ ചിലർ മക്കയിലും മറ്റു ചിലർ ബൈത്തുൽ മഖ്ദസിലും ഇസ്ലാമിക സൈന്യത്തിലും ഇറങ്ങുമെന്ന് വിശ്വസിച്ചു. ചിലർ ഇന്ത്യയിൽ ഇറങ്ങുമെന്ന് വിശ്വസിച്ചു. ചുരുക്കത്തിൽ ഈ വിവിധ ങ്ങളായ അഭിപ്രായങ്ങളിലും വചനങ്ങളിലും തീരുമാനം കൽപ്പിക്കാനായി ഒരു വിധികർത്താവിനെയാണ് ആവശ്യപ്പെട്ടിരുന്നത്. അതിനാൽ ആ വിധികർത്താവ് ഞാനാണ്. ആത്മീയമായ രീതിയിൽ കുരിശുടക്കാനും അഭിപ്രായ ഭിന്നതകൾ അവസാനിപ്പിക്കാനും വേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. ഈ രണ്ട് കാര്യങ്ങൾ എന്റെ വരവിനെ താൽപര്യപ്പെടുകയുണ്ടായി. എന്റെ സത്യതക്കുവേണ്ടി മറ്റു തെളിവുകൾ നിരത്തേണ്ട ആവശ്യം എനിക്കുണ്ടായിരുന്നില്ല. കാരണം ആവശ്യം തന്നെ സ്വയം ഒരു തെളിവാണ്. (കാലഘട്ടം വാഗ്ദത്ത മസീഹിനെ ആവശ്യപ്പെടുകയായിരുന്നു) എന്നിട്ടും അല്ലാഹു എന്നെ പിൻതുണക്കുന്നതിനായി പല അടയാളങ്ങളും പ്രത്യക്ഷപ്പെടുത്തുകയുണ്ടായി.

മറ്റു അഭിപ്രായ ഭിന്നതകളിൽ തീരുമാനം കൽപ്പിക്കുന്നതിൽ ഞാൻ വിധികർത്താവായതുപോലെ ഈസാ നബിയുടെ ജീവിതമരണ പ്രശ്നത്തിലും ഞാൻ ഹകമാണ്. വിധികർത്താവാണ്. ഇമാം മാലിക്, ഇബ്നു ഹസം, മുഅ്ത്തനില എന്നിവർ ഈസാനബിയുടെ മരണത്തെകുറിച്ച് വിശ്വസിക്കുന്നത് ശരിയാണെന്ന് അംഗീകരിക്കുന്നു. അഹ്‌ലെ സുന്നത്തിന്റെ മറ്റുള്ളവർക്ക് ഇക്കാര്യത്തിൽ അബദ്ധം പിണഞ്ഞതാണെന്ന് മനസ്സിലാകുന്നു. അതിനാൽ ഹകം എന്ന നിലക്ക് പരസ്പരം തർക്കിക്കുന്നവർക്കിടയിൽ ഒരു തീരുമാനം കൽപ്പിക്കുകയാണ്. ഇറങ്ങും എന്ന പൊതു ധാരണയിൽ അഹ്‌ലെ സുന്നത്ത് സത്യത്തിലാണ്. കാരണം മസീഹ് ആലങ്കാരിക അർത്ഥത്തിൽ ഇറങ്ങേണ്ടതാണ്. എന്നാൽ എങ്ങനെ ഇറങ്ങും എന്നതിലാണ് ഇവർക്ക് തെറ്റ് പറ്റിയിരിക്കുന്നത്. ഇറക്കം അതേ ശരീരത്തോടു കൂടിയായിരുന്നില്ല. മറിച്ച് ആലങ്കാരികമായിട്ടായിരിക്കും. മസീഹിന്റെ മരണത്തെ കുറിച്ച് മുഅ്ത്തസില, ഇമാം മാലിക്ക്, ഇബ്നു ഹസം തുടങ്ങിയവരുടെ വിശ്വാസത്തിൽ അവർ സത്യവാന്മാരാണ്. ഫലമ്മാ തവഫ്ഫയ്ത്തനീ എന്ന വ്യക്തമായ ആയത്തിന്റെ അടിസ്ഥാനത്തിൽ ഈസാ നബിയുടെ മരണം കൃസ്ത്യാനികൾ വഴിതെറ്റുന്നതിനു മുമ്പേ നടന്നിരിക്കേണ്ടതാണ്. ഹക്കം എന്ന നിലക്ക് എന്നിൽ നിന്നുള്ള തീർപ്പ് കൽപ്പിക്കലാണിത്. എന്റെ തീരുമാനത്തെ അംഗീകരിക്കാത്തവർ എന്നെ ഹക്കമായി നിയോഗിച്ചവനെയാണ് അംഗീകരിക്കാത്തത്."

താങ്കൾ ഹക്കം ആണെന്നതിനുള്ള തെളിവെന്താണെന്ന് ചോദിച്ചാൽ അതിനുള്ള മറുപടി ഇതാണ്. ഏതൊരു കാലത്തേക്കായിരുന്നുവോ ഹക്കം വരേണ്ടിയിരുന്നത് ആ കാലം ഇവിടെയുണ്ട്. കുരിശുവിശ്വാസം ഉൾക്കൊള്ളുന്ന സമൂഹത്തെയായിരുന്നു അദ്ദേഹത്തിന് സംസ്കരിക്കേണ്ടത്. ആ സമൂഹവും ഇവിടെയുണ്ട്. ഏതെല്ലാം അടയാളങ്ങളാണോ ഈ വിധികർത്താവിനെ സാക്ഷ്യപ്പെടുത്തേണ്ടത് ആ അടയാളങ്ങളും ഇവിടെ പ്രകടമായിട്ടുണ്ട്. ആകാശം അടയാളം പ്രത്യക്ഷപ്പെടുത്തികൊണ്ടിരിക്കുന്നു. ഭൂമിയും അടയാളം പ്രത്യക്ഷപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കണ്ണുകൾ അടഞ്ഞിരിക്കാത്തവർ അനുഗ്രഹീതർ."

അല്ലാഹു മുസ്‌ലിം ഉമ്മത്തിന്റെ കണ്ണുകൾ തുറക്കുമാറാകട്ടെ. ഹക്കമിനെ അംഗീകരിക്കുന്നവരായി അവർ മാറട്ടെ.

"എന്റെ എതിരാളികൾ സ്വയമൊന്ന് ചിന്തിച്ചു നോക്കട്ടെ. തിരുനബി (സ) തന്റെ ഒരു ഹസ്തമായി വിശേഷിപ്പിച്ച, അദ്ദേഹത്തിനായി സലാം എത്തിച്ച, ഹക്കം, അദർ, ഇമാം, ഖലീഫത്തുല്ലാഹ് എന്നെല്ലാം പേരുവെച്ച അതേ വാഗ്ദത്ത മസീഹ് ഞാൻ തന്നെയാണെങ്കിൽ അങ്ങനെയുള്ള വ്യക്തിയെ ശപിക്കുകയും അദ്ദേഹത്തെ ചീത്തവിളിക്കുകയും ചെയ്യുക എന്നതെല്ലാം അനുവദനിയ്യമാണൊ? (രാജാവായാലും ആരായാലും) നിങ്ങളുടെ ആവേശങ്ങളെ നിയന്ത്രിച്ചു കൊണ്ട് ഒന്ന് ചിന്തിക്കുക. എനിക്ക് വേണ്ടിയല്ല. അല്ലാഹുവിനും റസൂലിനുവേണ്ടിയും ചിന്തിക്കുക. ഇങ്ങനെയുള്ള ഒരു വാദിയോട് ഇതേ രീതിയിലായിരുന്നോ പെരുമാറേണ്ടത്. ഞാൻ കൂടുതൽ പറയാൻ ഉദ്ദേശിക്കുന്നില്ല. എന്റെ കേസ്സ് ആകാശത്താണ് കൊടുത്തിരിക്കുന്നത്. തിരുനബി (സ) യുടെ വിശുദ്ധ ചുണ്ടുകളാൽ പ്രവചിക്കപ്പെട്ട ആ വ്യക്തി ഞാനാണെങ്കിൽ നിങ്ങൾ എന്നെയല്ല മറിച്ച് അല്ലാഹുവിനോട് വലിയ പാപമാണ് ചെയ്തിരിക്കുന്നത്. വരുന്ന വ്യക്തിക്ക് കഷ്ടതകൾ നൽകുമെന്നും അദ്ദേഹത്തെ ശപിക്കുമെന്നും നേരത്തെ തന്നെ എഴുതപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ എനിക്ക് നൽകിയ ദു:ഖങ്ങളും യാതനകളും നിങ്ങൾക്ക് നൽകാൻ ധൈര്യം വരില്ലായിരുന്നു. (മസീഹിന് ഇതെല്ലാം നൽകുമെന്ന് നേരത്തെ എഴുതപ്പെട്ടതാണ്) ദൈവത്തിൽ നിന്നും വിരചിതമായ കാര്യങ്ങൾ പുലരുക തന്നെ വേണമായിരുന്നു. നിങ്ങളെ പ്രതിക്കൂട്ടിലാക്കാനായി ആ പ്രവചനങ്ങളെല്ലാം നിങ്ങളുടെ ഗ്രന്ഥങ്ങളിൽ ഇപ്പോഴും കാണാവുന്നതാണ്. അതെല്ലാം നിങ്ങൾ നാവുകൊണ്ട് ഉരുവിടുകയും എന്നിട്ടും കുഫ്റ് ഫത്ത്‌വ നൽകി, മഹ്ദിയെ കാഫിറാക്കുന്ന ദുഷ്ട പണ്ഡിതരും മസീഹിനോട് പോരടിക്കുന്നവരും നിങ്ങൾ തന്നെയാണെന്ന് നിങ്ങൾ മുദ്ര കുത്തുകയും ചെയ്യുന്നു."

പറയുന്നു: മസീഹ് മൗഊദ് ആണെന്ന വാദമുള്ള വ്യക്തിയാണ് ഞാൻ. ആ മസീഹിനെ കുറിച്ച് തിരുനബി (സ) പറഞ്ഞത് അദ്ദേഹം നിങ്ങളുടെ ഇമാമും ഖലീഫയുമായിരിക്കും എന്നാണ്. അദ്ദേഹത്തിൽ അല്ലാഹുവിന്റെയും റസൂലിന്റെയും സലാം ഉണ്ടായിരിക്കുന്നതാണ്. അദ്ദേഹത്തിന്റെ ശത്രുക്കൾ ശാപഗ്രസ്തരാണ്. അദ്ദേഹത്തിന്റെ സുഹൃത്ത് അല്ലാഹുവിന്റെ സുഹൃത്താണ്. അദ്ദേഹം ലോകത്തിന് വേണ്ടി ഹക്കം ആയി വരുന്നതാണ്. അദ്ദേഹം എല്ലാ വാക്കിലും പ്രവർത്തിയിലും നീതിമാനായിരിക്കും. ഇങ്ങനെ ആയിരിക്കെ എന്റെ വാദം കേട്ട്, എന്റെ അടയാളങ്ങൾ കണ്ട്, എന്റെ തെളിവുകൾ ദർശിച്ചുകൊണ്ട് എന്നെ ചീത്ത പറയുകയും പരിഹസിക്കുകയും കളിയാക്കുകയുമാണോ ചെയ്യേണ്ടിയിരുന്നത്. ഇതാണോ തഖ്‌വയുടെ മാർഗ്ഗം? അടയാളങ്ങൾ പ്രകടമായിട്ടില്ലേ? ആകാശത്തു നിന്നുള്ള പിൻതുണ പ്രക

ടമായിട്ടില്ലേ. ഹദീസുകളിലും മറ്റു ഗ്രന്ഥങ്ങളിലും പറയപ്പെട്ട കാലവും അടയാളവും എല്ലാം വെളിപ്പെട്ടിട്ടില്ലേ? പിന്നെ എന്തിന് ഇത്ര മാത്രം തന്റേടം നിങ്ങൾ കാണിച്ചു. എന്റെ വാദത്തിൽ ഇപ്പോഴും വല്ല സംശയവുമുണ്ടെങ്കിൽ വിനയത്തോടും സദുദ്ദേശ്യത്തോടും ദൈവഭയത്തോടും ഈ സന്ദേഹങ്ങളെ അകറ്റാമായിരുന്നു. ഞാൻ പലവുരു പറഞ്ഞിട്ടുള്ളതാണ്. വരിക! നിങ്ങളുടെ സന്ദേഹങ്ങൾ അകറ്റുക. എന്നാൽ ആരും വന്നില്ല. തീരുമാനമെടുക്കാൻ ഓരോരുത്തരെയും ഞാൻ വിളിച്ചു. എന്നാൽ ആരും ഈ ഭാഗത്തേക്ക് തിരിഞ്ഞു നോക്കിയില്ല. നിങ്ങൾ ഇസ്തിഖാറ ചെയ്യുക എന്ന് ഞാൻ പറഞ്ഞു. കരഞ്ഞുകൊണ്ട് അല്ലാഹുവിനോട് ആവശ്യപ്പെടുക. അവൻ നിങ്ങൾക്ക് യാഥാർത്ഥ്യമെന്തെന്ന് തുറന്നു തരട്ടെ. എന്നാൽ അതും നിങ്ങൾ ചെയ്തില്ല. മാത്രമല്ല കളവാക്കുന്നതിൽ നിന്നും പിന്തിരിയുകയും ചെയ്തില്ല. അല്ലാഹു എന്നെക്കുറിച്ച് പറഞ്ഞത് എത്ര മാത്രം വാസ്തവമാണ്. 'ലോകത്ത് ഒരു താക്കീതുകാരൻ വന്നു. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തിമഹത്തായ തിരിച്ചടികൾ മുഖേന അദ്ദേഹത്തിന്റെ സത്യത്തെ ലോകത്ത് വെളിപ്പെടുത്തുകയും ചെയ്യും.' സത്യവാനായ ഒരു വ്യക്തി പാഴായിപ്പോകുമോ? ദൈവത്തിൽ നിന്നുള്ള വ്യക്തി നശിപ്പിക്കപ്പെടുമോ? ഇല്ല. ജനങ്ങളെ! നിങ്ങൾ ദൈവത്തോട് പോരിന് പുറപ്പെടേണ്ട. നിങ്ങൾക്കും നിങ്ങളുടെ വിശ്വാസത്തിനുമായി അല്ലാഹു ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തിയാണിത്. നിങ്ങൾ അതിന് തടസ്സമായി നിൽക്കരുത്. മിന്നൽപിണറുകളെ നിങ്ങൾക്ക് നേരിടാൻ സാധിച്ചേക്കാം. എന്നാൽ ദൈവത്തെ നേരിടാൻ നിങ്ങളെ കൊണ്ടാവില്ല. ഇത് മനുഷ്യപ്രവർത്തിയായിരുന്നെങ്കിൽ നിങ്ങളുടെ ഒരാവശ്യവും ഉണ്ടായിരുന്നില്ല. ഇതിനെ നശിപ്പിക്കാൻ ദൈവം സ്വയം മതിയായിരുന്നു. ദു:ഖമെന്നല്ലാതെ എന്തു പറയാൻ! ആകാശം സാക്ഷ്യം നൽകുന്നു. പക്ഷെ നിങ്ങൾ കേൾക്കുന്നില്ല. ഭൂമി ആവശ്യമാണെന്ന് വിളിച്ചു പറയുന്നു. പക്ഷെ നിങ്ങൾ ശ്രദ്ധിക്കുന്നില്ല. നിർഭാഗ്യവാന്മാരായ സമൂഹമേ. എഴുന്നേൽക്കൂ. ഒന്ന് കണ്ണോടിക്കുക, ഇസ്‌ലാം ചവിട്ടിമെതിക്കപ്പെട്ടിരിക്കുന്ന പ്രശ്നസങ്കീർണ്ണമായ ഇക്കാലത്ത്, കുറ്റവാളിയെപ്പോലെ അപമാനിക്കപ്പെട്ട ഈ അവസരത്തിൽ, കള്ളന്മാരിൽ എണ്ണപ്പെട്ടപ്പോൾ, അവിശുദ്ധരിൽ രേഖപ്പെടുത്തപ്പെട്ടപ്പോൾ അല്ലാഹുവിന്റെ അഭിമാനം വിജൃംഭിതമാകേണ്ട അവസരമായിരുന്നില്ലെ ഇത്! ആകാശം കുമ്പിട്ടുകൊണ്ടേ ഇരിക്കുകയാണെന്നും അനൽ മൗജൂദ് (ഞാൻ ഉണ്ടെന്ന) ശബ്ദം ഓരോ പ്രവർത്തിയിലും വരുന്ന സമയവും വിദൂരമല്ല."

അല്ലാഹു മുസ്‌ലിംകളുടെ കണ്ണുകൾ തുറക്കട്ടെ. ഈ ശബ്ദം കേൾക്കുന്നവരായി അവർ മാറട്ടെ.

ഇതിനു ശേഷം ഒരു ദു:ഖകരമായ വാർത്ത നിങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുന്നു. ചൗധരി മുബാറക്ക് മുസ്‌ലിഹുദ്ദീൻ അഹ്മദ് സാഹിബ്. അദ്ദേഹം തഹ്‌രീഖ് ജദീദിൽ വക്കീൽ തഅ്‌ലീം ആയിരുന്നു. ജമാഅത്തിന്റെ മുതിർന്ന പ്രവർത്തകരിൽ പെട്ട വ്യക്തിയായിരുന്നു. മാർച്ച് 16 ന് 79 ാം വയസ്സിലാണ് വഫാത്തായത്. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ

1934 ജൂണ് 21 നാണ് ജനിച്ചത്. സൂഫി ഗുലാം മുഹമ്മദ് സാഹിബ് സഹാബിയുടെ വീട്ടിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ ഉപ്പാപ്പയും സഹാബിയാണ്. അദ്ദേഹത്തിന്റെ ഉപ്പാപ്പ ഹ.മസീഹ് മൗ ഊദ് (അ) ന്റെ 313 സഹാബാക്കളിൽ ഉൾപ്പെട്ട വ്യക്തിയാണ്. 1895 ജൂൺ 5നാണ് ബൈഅത്ത് ചെയ്തത്. ഇന്ത്യാ വിഭജനത്തിനു ശേഷം ഖലീഫത്തുൽമസീഹ് സാനിയുടെ നിർദ്ദേശപ്രകാരം ഖാദിയാനിലേക്ക് പോയി. ദർവേശാനെ ഖാദിയാനിൽ ഉൾപ്പെട്ടു. ഖാദിയാനിൽ തന്നെ അദ്ദേഹം വഫാത്തായി, ബഹിശ്ത്തിമഖ്ബറ ഖാദിയാനിൽ മറവു ചെയ്യുകയും ചെയ്തു.

ചൗധരി മുബാറക്ക് മുസ്‌ലിഹുദ്ദീൻ സാഹിബിന്റെ പിതാവ് സൂഫി ഗുലാം മുഹമ്മദ് സാഹിബും ഹ.മസീഹ് മൗഊദ്(അ)നെ ദർശിച്ചിരുന്നു. സൂഫി സാഹിബിനും വഖ്ഫെ സിന്ദഗി എന്ന നിലക്ക് വിവിധ വകുപ്പുകളിൽ പ്രസ്ഥാനത്തിനായി സേവനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. തഅ്‌ലീമുൽ ഇസ്‌ലാം ഹൈസ്ക്കൂളിൽ ടീച്ചറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. സൂപ്രണ്ടന്റ് ബോർഡിംങ് ആയി ജോലി ചെയ്തു. തഹ്‌രീഖ് ജദീദിന്റെ നാസിർ ബൈത്തുൽ മാൽ ഖർച്ച് ആയും സേവനമനുഷ്ഠിച്ചു. സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ നാസിർ അഅ്‌ലാ രണ്ടാമനായും പ്രവർത്തിച്ചു. ചുരു ക്കത്തിൽ വിവിധ വകുപ്പുകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

മുസ്‌ലിഹുദ്ദീൻ സാഹിബിന്റെ പൂർവ്വ പിതാക്കൽ ഗുജറാത്തിലുള്ളവരായിരുന്നു. ഇദ്ദേഹത്തിന്റെ മാതാപിതാക്കൾ കുട്ടിയെ നേരത്തെ തന്നെ ജമാഅത്തിന് സമർപ്പിച്ചിരുന്നു. 1949 ജൂൺ 18ന് ഇദ്ദേഹം സ്വയം ജീവിതം വഖ്ഫ് ചെയ്തു. 1949 സെപ്റ്റംബറിൽ മെട്രിക്കിന് ശേഷം എട്ട് വാഖീഫിനെ ഇന്റർവ്യൂവിന് വേണ്ടി ഖലീഫത്തുൽ മസീഹ് സാനി റബ്‌വയിലേക്ക് വിളിപ്പിച്ചു. അവർക്കുള്ള ചോദ്യപേപ്പർ സ്വയം തയ്യാറാക്കി അവരുടെ പരീക്ഷ നടത്തി. ഇന്റർവ്യൂ ചെയ്തു. അതിൽ മുസ്‌ലിഹുദ്ദീൻ സാഹിബും ഉണ്ടായിരുന്നു. ചില കുട്ടികളോട് കോളേജിൽ തുടർന്ന് പഠിക്കാൻ പറഞ്ഞു.

തഅ്‌ലീമുൽ ഇസ്‌ലാം ഹൈസ്കൂളിൽ 9 ാം ക്ലാസ്സ് വരെയാണ് പഠിച്ചിരുന്നത്. ചിനിയോട്ടിലെ ഹൈസ്കൂളിൽ നിന്ന് മെട്രിക്ക് ഫസ്റ്റ് ഡിവിഷനിൽ വിജയിച്ചു. 1953ൽ തഅ്‌ലീമുൽ ഇസ്‌ലാം കോളേജ് ലാഹോറിൽ നിന്ന് ബി.എസ്.സി ചെയ്തതിനു ശേഷം 1956ൽ പഞ്ചാബ് യൂനിവെർസിറ്റിയുടെ കീഴിൽ എം.എസ്.സി. മാത്സ് ചെയ്തു.

ഇദ്ദേഹം നേരത്തെ തന്നെ വഖ്ഫ് ആയതുകാരണം വക്കാലത്തെ ദിവാനിൽ 1956ൽ ഹാജരായി. തഹ്‌രീകെ ജദീദിലാണ് ആദ്യനിയമനം ഉണ്ടായത്. കുറച്ച് മാസം അവിടെ പ്രവർത്തിച്ചു. പിന്നീട് വക്കാലത്തെ മാലിൽ നിയമിക്കപ്പെട്ടു. ജമാഅത്തിന്റെ വാണിജ്യസ്ഥാപനമായ ഏഷ്യൊ ആഫ്രിക്കനിൽ കുറച്ച് വർഷം നിയമിക്കപ്പെട്ടു. 1964ന്റെ തുടക്കത്തിൽ തിരിച്ച് തഹ്‌രീഖ് ജദീദിൽ വന്നു. വക്കാലത്തെ മാൽ സാനിയിൽ നാഇബ് വക്കീൽ സാനിയായി 1972 വരെ ജോലി ചെയ്തു. 1972 മുതൽ 2011 വരെ വക്കീലുത്തഅ്‌ലീം ആയിരുന്നു. ഇതുകൂടാതെ ജമാഅത്തിന്റെ വിവിധ കമ്മിറ്റികളിലും ബോർഡിലും മെമ്പറായിരുന്നു. മജ്‌ലിസ് കാർപർ ദാസ് ബഹിശ്ത്തി മഖ്ബറയുടെ മെമ്പറുമായിരുന്നു. നല്ല അഭിപ്രായം പറയാൻ കഴിയുന്ന വ്യക്തിയായിരുന്നു. ഏത് കമ്മിറ്റിയിലാണോ അദ്ദേഹം മെമ്പറായിരുന്നത് അതിൽ അദ്ദേഹം

കൃത്യമായി വരും. മറ്റൊന്ന് എല്ലാം അന്വേഷിച്ച് അതിനെക്കുറിച്ച് പഠിച്ചതിനുശേഷമാണ് അതിൽ വരാറുണ്ടായിരുന്നത്.

ഖിലാഫത്തിനോട് വളരേ നല്ല ആത്മാർത്ഥതയും ബന്ധവുമായിരുന്നു. വിശുദ്ധഖുർആന്റെ പല ഭാഗങ്ങളും മന:പാഠമാക്കിയിരുന്നു. നല്ല പാരായണമായിരുന്നു. മജ്‌ലിസ് ശൂറായുടെ അവസരത്തിൽ തിലാവത്ത് ചെയ്യാൻ കൂടുതലും അദ്ദേഹത്തിനാണ് അവസരം ലഭിച്ചിരുന്നത്.

57 വർഷം നീണ്ടുനിന്ന സേവനമാണ് ഇദ്ദേഹത്തിന്റേത്. കീഴ്ഘടകങ്ങളായ ഖുദ്ദാമുൽ അഹ്മദിയ്യായിലും ദീർഘകാലം ജോലിചെയ്തത്. 1964ൽ ഇദ്ദേഹത്തിന്റെ വിവാഹം നടന്നു. ഹ.മസീഹ് മൗ ഊദ് (അ) ന്റെ സഹാബിയുടെ പേരക്കുട്ടിയാണ് ഭാര്യ. ഘാരയിലുള്ള ഗുലാം സാഹിബായിരുന്നു പിതാവ്. മൂന്ന് ആൺകുട്ടികളും രണ്ട് പെൺകുട്ടികളുമാണുള്ളത്.

ഭാര്യ പറയുന്നു: വീട്ടിൽ വരുന്ന അതിഥികളോ ജോലിക്കാരോ നിസാമിനെതിരിലോ ജമാഅത്തിന്നെതിരിലോ വല്ലതും സംസാരിക്കുകയാണെങ്കിൽ അതിനെ കർശനമായി വിലക്കിയിരുന്നു. ജമാഅത്തിനെതിരിലുള്ള സംസാരം ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല.

ഇദ്ദേഹത്തിന്റെ ഭാര്യ പാക്കിസ്ഥാനിലെ നാഇബ് സദർ ലജ്നയാണ്. അവർ പറയുന്നു: എനിക്ക് ലജ്നയുടെ പ്രവർത്തനത്തിനായി സന്ദർശനം നടത്തേണ്ടി വരുമ്പോൾ എന്നെ ഒരിക്കലും തടഞ്ഞിട്ടില്ല. ജമാ അത്തിന്റെ പ്രവർത്തിക്കാണ് മുൻഗണന നൽകിയിരുന്നത്. ചില സന്ദർഭങ്ങളിൽ ലജ് നയുടെ ജോലിക്ക് പോയാൽ അവർക്ക് ഭക്ഷണം വരെ സ്വയം ഉണ്ടാക്കേണ്ടി വന്നിട്ടുണ്ട്.

കുറച്ച് വർഷം മുമ്പ് ബംഗ്ലാദേശ് സന്ദർശനത്തിനായി ഞാൻ മുസ്‌ലിഹുദ്ദീൻ സാഹിബിനെ അയച്ചിരുന്നു. ഇദ്ദേഹം മുപ്പത് വർഷമായി ഹൃദ്‌രോഗിയായിരുന്നു. ബംഗ്ലാദേശിൽ പോയപ്പോൾ അവിടെയും ശക്തമായ ഹൃദ്‌രോഗം തുടങ്ങി. ശ്വാസം തടസ്സപ്പെടാൻ തുടങ്ങി. ഇദ്ദേഹത്തിന്റെ മകൻ മൻസൂർ അഞ്ചും സാഹിബ് ഫോണ് ചെയ്തു പറഞ്ഞു. ഞാൻ വരാം കാനഡയിൽ നിന്നും ബംഗ്ലാദേശിൽ വരിക എന്നത് എനിക്ക് എളുപ്പമുള്ള കാര്യമാണ്. അദ്ദേഹം പറഞ്ഞു. വരേണ്ട ആവശ്യമില്ല. ഹുസൂർ ഇവരോട് പറഞ്ഞിട്ടുണ്ട്. ഇവിടെയുള്ളവർ പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്.

എന്തു കാര്യവും കാലത്തിന്റെ ഖലീഫയോട് ചോദിക്കുമായിരുന്നു. ഇദ്ദേഹത്തിന്റെ മകൻ ഹാഫിസ് നാസിറുദ്ദീൻ ഹാഫിസെ ഖുർആനാണ്. എഴുതുന്നു. എന്റെ ഉപ്പയുടെ അടുത്ത് പലരുടേയും അമാനത്ത് മുതൽ ഉണ്ടായിരുന്നു. അമാനത്തുകളുടേയും ചന്ദകളുടേയും എല്ലാം കണക്ക് അദ്ദേഹത്തിന്റെ അടുത്താണ് ഉണ്ടാകാറ്. അതെല്ലാം കൃത്യമായി അടക്കുകയും അവരെ അറിയിക്കുകയും ചെയ്തിരുന്നു. ഇദ്ദേഹത്തിന്റെ ഒരു മകൻ പറയുന്നു. വീട്ടിൽ വല്ല സംസാരവും വ്യക്തിപരമോ മറ്റോ നടക്കുമ്പോൾ സംസാരിച്ചുകൊണ്ടിരിക്കെ അവിടെ നിന്നും പോയി കുറച്ച് കഴിഞ്ഞുവന്ന് പറയും. 'ഞാൻ ഇതിനായി ഹുസൂറിന് കത്തയച്ചിട്ടുണ്ട്.' എല്ലാ കാര്യവും ചോദിക്കുമായിരുന്നു. അത് വീട്ടുകാര്യമായാലും ശരി.

അദ്ദേഹം പറയാറുള്ളത് വഖ്ഫെ സിന്ദഗി ഒരിക്കലും ഒന്നും ഡിമാന്റ് ചെയ്യില്ല. വഖ്ഫെ സിന്ദഗിയുടെ ഫോമിൽ ഇപ്പോൾ വിവിധ നിബന്ധനകൾ ചേർത്തിട്ടുണ്ട്. ആദ്യമൊക്കെ നിബന്ധന ഒന്നു മാത്രമായിരുന്നു. ഒരു ഡിമാന്റും ആവശ്യപ്പെടുന്നതല്ല. ഇദ്ദേഹത്തിന്റെ കുട്ടികൾ പറയുന്നു. വഖ്ഫെ സിന്ദഗിയായ കാരണത്താൽ ഞങ്ങൾക്ക് ഒന്നിന്റേയും കുറവ് വരരുതെന്ന് എപ്പോഴും ശ്രദ്ധിച്ചിരുന്നു. സ്വയം കഷ്ടപ്പെട്ടിട്ടെങ്കിലും ഞങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുമായിരുന്നു.

മുസ്‌ലിഹുദ്ദീൻ സാഹിബിന്റെ പിതാവും വഖ്ഫെ സിന്ദഗി ആയിരുന്നു. ഏക മകനായിരുന്നു മുസ് ലിഹുദ്ദീൻ സാഹിബ്. ഏഴ് പെൺകുട്ടികളും അദ്ദേഹത്തിന് ഉണ്ടായിരുന്നു. ഈ ഏകമകനെ വഖ്ഫ് ചെയ്തു. ഒരിക്കലും പ്രയാസത്തെക്കുറിച്ച് പരാതിപ്പെട്ടിട്ടില്ല. ഇദ്ദേഹത്തിന്റെ പിതാവ് സൂഫി ഗുലാം മുഹമ്മദ് സാഹിബ് ബി.എസ്.സി ആയിരുന്നു. ഇദ്ദേഹം സ്കൂളിൽ നിന്നും റിട്ടേർമെന്റ് ആയപ്പോൾ ഖലീഫത്തുൽ മസീഹ് സാനിക്ക് കത്തയച്ചു. ഞാൻ റിട്ടേർമെന്റ് ആയിട്ടുണ്ട്. ഞാൻ വഖ്ഫെ സിന്ദഗിയാണ്. ഇനി ഞാനെന്താണ് ചെയ്യേണ്ടത് എന്ന് പ്രതീക്ഷിച്ചിരിക്കുകയാണ്. ഇതിന് കുറേകാലം മറുപടി ഒന്നും വന്നില്ല. മുസ് ലിഹുദ്ദീൻ സാഹിബ് ഹോസ്റ്റലിലായിരുന്നു. അദ്ദേഹത്തിന് വസീഫ കിട്ടിയിരുന്നു. പിതാവ് വളരേ കഷ്ടപ്പാടിലൂടെയാക്കും കഴിയുക എന്നു കരുതി ഇദ്ദേഹം ഹോസ്റ്റൽ ഉപേക്ഷിച്ച് അദ്ദേഹത്തിന് ലഭിച്ചിരുന്ന വസീഫ വീട്ട് ചെലവുകൾക്കായി വിനിയോഗിച്ചു. വളരേ പ്രയാസപ്പെട്ടാണ് ജീവിതം നയിച്ചത്. പിന്നീട് അല്ലാഹുതആലാ ഫള്ൽ ചെയ്യുകയുണ്ടായി.

ഒരു സംഭവം എഴുതുന്നു. ഒരിക്കൽ ഞാൻ ഇസ്‌ലാമാബാദിൽ ജമാഅത്തിന്റെ ജോലിയാവശ്യാർത്ഥം പോയി. എന്റെ ഒരു സുഹൃത്തുണ്ടായിരുന്നു. കുറേക്കാലമായി അദ്ദേഹത്തെ കണ്ടിട്ട്. അദ്ദേഹത്തെ കാണാനായി പോയി. സംസാരമദ്ധ്യേ അദ്ദേഹം ചോദിച്ചു. താങ്കൾ ഇപ്പോൾ നാഇബ് വക്കീലുൽ മാൽ ആയതുകൊണ്ട് ശമ്പളം എത്രയാണ്. ഇപ്പോൾ ശമ്പളം കൂടുതലുണ്ടായിരിക്കില്ലേ എന്നാണ് അദ്ദേഹം ചോദിക്കാൻ ഉദ്ദേശിച്ചത്. ഞാൻ പറഞ്ഞു : നിങ്ങൾ ഗവർമെന്റ് ജോലിയിലാണ്. സെക്രട്ടറി തസ്തികയിലാണ് ജോലി ചെയ്യുന്നത്. എന്നാൽ എനിക്ക് കിട്ടുന്നതിൽ വളരേ കൂടുതൽ ബർക്കത്ത് അല്ലാഹു ഇടുന്നു. നിങ്ങൾക്ക് അത് ലഭിക്കില്ല. പറയുന്നു. അങ്ങനെ രാത്രി ഞങ്ങൾ അവിടെ കിടന്നുറങ്ങി. രാവിലെ എഴുന്നേറ്റ് സെക്രട്ടേറിയേറ്റിൽ പോകാൻ തയ്യാറായി. ഇദ്ദേഹത്തിനും ജമാഅത്ത് തലത്തിൽ സെക്രട്ടേറിയേറ്റിൽ പോകാനുണ്ടായിരുന്നു. അവർ പോകുകയായിരുന്നു. അദ്ദേഹത്തിന്റെ സുഹൃത്ത് പറഞ്ഞു. നമുക്കിവിടെ ടാക്സി കാത്തിരിക്കാം. അപ്പോൾ ഞാൻ പറഞ്ഞു, ടാക്സിയെ പ്രതീക്ഷിച്ചിരിക്കുന്ന സമയത്ത് നമുക്കവിടെ നടന്നെത്താം. അങ്ങനെ നടക്കുകയായിരുന്നു. ഒരു വലിയ കാറ് വന്ന് അടുത്തു നിന്നു. ഫ്ളേഗ് കാറായിരുന്നു. അതിൽ നിന്ന് ഒരാൾ ഇദ്ദേഹത്തോട് ചോദിച്ചു. സെക്രട്ടേറിയേറ്റിലെ ഇദ്ദേഹത്തിന്റെ സുഹൃത്തിനോട് ചോദിച്ചില്ല. നിങ്ങൾ സെക്രട്ടേറിയേറ്റിൽ പോകാൻ ഉദ്ദേശിക്കുന്നുവോ? നിങ്ങൾ അങ്ങോട്ടാണെന്ന് തോന്നിയതുകൊണ്ടാണ് നിർത്തിയത്. ഞാൻ ചോദിച്ചു. ഈ വണ്ടി ആരുടേതാണ്. അപ്പോൾ പറഞ്ഞു. ഇത് ഇന്ന ജനറൽ സാഹിബിന്റെ വണ്ടിയാണ്. ഞാൻ

അങ്ങോട്ടാണ് പോകുന്നത്. അങ്ങനെ അതിൽ കയറി സെക്രട്ടേറിയേറ്റിനകത്ത് കടന്നു. ഫ്‌ളേഗ് കാർ ആയതു കൊണ്ട് ആരും ഒന്നും ചോദിച്ചില്ല. വേഗം ഗേറ്റ് തുറന്നു കൊടുത്തു.

അദ്ദേഹം തന്റെ സുഹൃത്തിനോട് പറഞ്ഞു : നിങ്ങൾ ടാക്സി കാത്തിരിക്കുകയായിരുന്നുവെങ്കിൽ പത്ത് പതിനാറു രൂപ ചെലവാകുമായിരുന്നു. വഖ്‌ഫെ സിന്ദഗിയെ ഈ രീതിയിലാണ് അല്ലാഹു സഹായിക്കുന്നത്. ഒരു ഫ്‌ളാഗ് കാർ വന്ന് നിൽക്കുന്നു. അദ്ദേഹത്തെ ഞാനറിയില്ല. അദ്ദേഹം എന്നെയും അറിയില്ല. ഞാൻ കാരണം എന്നോടാണ് ചോദിച്ചത്. നിങ്ങളോടല്ല. ഇതു കാരണം ഗേറ്റിൽ ഉന്നും എഴുതിക്കൊടുക്കുകയോ ചെക്കിംഗിന് വിധേയമാകുകയോ ചെയ്യാതെ നേരേ പ്രവേശിക്കാനും സാധിച്ചു. വഖ്‌ഫെ സിന്ദഗിയോട് അല്ലാഹു ചെയ്യുന്ന പെരുമാറ്റമാണിതെല്ലാം.

ഹ.ഖലീഫത്തുൽ മസീഹ് റാബിഹ് (റഹ്) ഒരു ഖുത്‌ബയിൽ തന്റെ ഒരു സുവാർത്ത നിറഞ്ഞ സ്വപ്നം വിവരിച്ചിരുന്നു. പറയുന്നു: " ടൂറിസ്റ്റുകളുടെ ഒരു ബസ്സിൽ ഞാനും എന്റെ ചില കൂട്ടുകാരും യാത്ര ചെയ്യുകയാണ്. ഒരു നദി മുറിച്ചു കടക്കാനുണ്ട്. ബസ്സ് യാത്ര എങ്ങിനെയാണെന്ന് എനിക്കോർമ്മയില്ല. പക്ഷെ ബസ്സ് പാലത്തിന്റെ അടുത്ത് വരെ എത്തി നിന്നുപോയി. ബസ്സിന് മുന്നോട്ട് പോകാൻ കഴിയുന്നില്ല. അങ്ങനെയുള്ള അവസരത്തിൽ യാത്രക്കാർ പുറത്തിറങ്ങി അൽപം അങ്ങോട്ടുമിങ്ങോട്ടും നടക്കാറുണ്ട്. അതേപോലെ ഖലീഫത്തുൽ മസീഹ് റാബിഉം ബസ്സിൽ നിന്നിറങ്ങി. മറ്റു യാത്രക്കാരുമിറങ്ങി. എന്റെ കൂടെ മറ്റാരാണുണ്ടായിരുന്നതെന്ന് ഓർമ്മയില്ല. മുബാറക്ക് മുസ്‌ലിഹുദ്ദീൻ സാഹിബ്, വഖ്‌ഫെ സിന്ദഗി, കാർക്കൂൻ തഹ്‌രീഖ് ജദീദ് കൂടെ ഉണ്ടായിരുന്നു. ഈ അവസരത്തിൽ മറ്റൊന്നും ചെയ്യാനില്ലത്തപ്പോൾ ഞങ്ങൾ പറഞ്ഞു. ഏതായാലും കുളിക്കാം. ഞങ്ങൾ രണ്ടുപേരും നദിയിലേക്ക് എടുത്ത് ചാടി. കുറച്ചുനേരം നീന്തി തിരിച്ചുവരാം എന്നതായിരുന്നു എന്റെ ചിന്ത. മുബാറക്ക് മുസ്‌ലിഹുദ്ദീൻ എന്നേക്കാളും അൽപം മുമ്പിലായിരുന്നു. അദ്ദേഹം പറഞ്ഞു : നമുക്ക് ഇങ്ങനെ തന്നെ നദി നീന്തിക്കടക്കാം. നദി നിറഞ്ഞൊഴുകുകയായിരുന്നു. സിന്ദ് നദി നിറഞ്ഞൊഴുകുന്നതു പോലെ ഒഴുകുന്നുണ്ട്. കര കവിഞ്ഞൊഴുകുന്നില്ല. നല്ല ശക്തമായ ഒഴുക്കുമുണ്ട്. നദി നീന്തിക്കടക്കാൻ കഴിയുമോ എന്ന് എനിക്ക് നിശ്ചയമില്ലായിരുന്നു. മുബാറക്ക് മുസ്‌ലിഹുദ്ദീൻ പറയുകയാണ് , തീർച്ചയായും നമുക്ക് നീന്തി കടക്കാം. അപ്പോൾ ഞാൻ പറഞ്ഞു, എന്നാൽ ശരി, ഞാൻ വലിയ നീന്തൽ അറിയുന്ന ആളൊന്നുമായിരുന്നില്ല. ആ സമയത്ത് നീന്താനുള്ള നല്ല ശക്തി എനിക്ക് കൈവരുന്നു. കുറഞ്ഞ സമയം കൊണ്ട് കുറേ ദൂരം പിന്നിടുകയുണ്ടായി. തിരിഞ്ഞു നോക്കുമ്പോൾ പിന്നിലുള്ള കര വളരേ അകലെയായി കണ്ടു. രണ്ട് നാല് തുഴ തുഴഞ്ഞപ്പോൾ നദി പൂർണ്ണമായും നീന്തി കഴിഞ്ഞിരുന്നു. അങ്ങനെ കരയിൽ എത്തി. സ്വപ്നത്തിൽ മുബാറക്ക് മുസ്‌ലിഹുദ്ദീനെ മുമ്പിലായാണ് കണ്ടത്. എന്നാൽ കരയിലെത്തിയപ്പോൾ ആദ്യം ഞാനാണ് എത്തിയത്. പിന്നീട് അദ്ദേഹം വന്നു. അങ്ങനെ ഞങ്ങൾ കരയിലെത്തി. പിന്നീട് ഞങ്ങൾ ചിന്തിക്കുന്നത് ഇവിടെ നിന്നും പുറത്തു കടന്ന് പുറംലോകത്ത് എങ്ങിനെ എത്തിപ്പെടും എന്നാണ്.

ഈ സ്വപ്നം ഇവിടെ അവസാനിക്കുന്നു. പൊതുവിൽ ചിന്തയിൽ വരാത്ത അതു സ്വപ്നമാണിത്. സ്വപ്നം അവസാനിച്ചപ്പോൾ എന്റെ മനസ്സിൽ വന്നത് പുതിയ ഏതോ സ്ഥലത്തെ വിജയിച്ചടക്കാനുള്ള അല്ലാഹുവിന്റെ സന്ദേശമാണിത്. ഞങ്ങളുടെ കൂടെയുള്ളവർ എന്തിന് പിന്തള്ളപ്പെട്ടു എന്നും ഞങ്ങൾ രണ്ടു പേരും എന്തുകൊണ്ട് മുൻകടന്നു എന്നുമുള്ള കാര്യം എനിക്ക് വ്യക്തമാക്കപ്പെട്ടിട്ടില്ല. ഏതാ യിരുന്നാലും ഇതിൽ ഒരു താക്കീതും അടങ്ങിയിട്ടില്ലെന്നും മറിച്ചു സുവാർത്തയുള്ളതെന്നുമാണ്. നദി ബസ്സ് തടഞ്ഞു വെച്ചെങ്കിലും ഞങ്ങലുടെ വഴിയെ അതു തടഞ്ഞില്ല.

ഏതായിരുന്നാലും അനുഗ്രഹീതസ്വപ്നമായിരുന്നു ഇത്. ഇദ്ദേഹത്തെ കൂടെ കണ്ടു. ഇദ്ദേഹത്തിന്റെ പേര് വെച്ച് നോക്കുമ്പോഴും അനുഗ്രഹീത സ്വപ്നമാണ്. ജമാഅത്തിന്റെ പുരോഗതിയെക്കുറിച്ചുള്ള സന്ദേശം ഇതിൽ ഉണ്ട്.

ദുആ ചെയ്യുന്ന ആളും തഹജ്ജുദ് നമസ്കരിക്കുന്ന ആളും സ്വാത്ഥികനും ആയിരുന്നു. പാവങ്ങളെ വളരെയധികം ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ ഓഫീസിലുള്ള ഒരു വ്യക്തി പറയുന്നു. എല്ലാ റമദാനിലും ചില പാവങ്ങൾക്ക് അരി സാധങ്ങൾ എത്തിച്ചുകൊടുക്കാറുണ്ടായിരുന്നു. എന്നാൽ അത് മറ്റാർക്കും അറിയാമായിരുന്നില്ല.

ഓഫീസ് കാര്യങ്ങളിൽ നിയമപ്രകാരമാണ് എല്ലാം ചെയ്തിരുന്നത്. എന്നാൽ വളരെ സരളപ്രകൃതവും വിനീതനുമായിരുന്നു. ദരിദ്രരെ സേവിച്ചിരുന്നു. ഇദ്ദേഹത്തിന്റെ മക്കൾ നല്ല സാമ്പത്തിക കഴിവുള്ളവരാണ്. സമ്പാദിക്കുന്നവരാണ്. ഇദ്ദേഹത്തിന്റെ സൃഷ്ടിസേവനപ്രവർത്തികൾ അവർ മുന്നോട്ട് കൊണ്ടു പോകേണ്ടതാണ്.

ഒരു മകളെ ഡോക്ടറാക്കാൻ ആഗ്രഹമുണ്ടായിരുന്നു. ഖലീഫത്തുൽ മസീഹ് റാബിഉനെ കാണാൻ പോയപ്പോൾ പറഞ്ഞത് പെൺകുട്ടികൾ ഡോക്ടറായിക്കഴിഞ്ഞാൽ വീട്ടു പ്രവർത്തികളിൽ വളരെ പ്രയാസം നേരിടേണ്ടി വരുന്നു. ഇത്രമാത്രമാണ് പറഞ്ഞിരുന്നത്. ആ ആഗ്രഹം അദ്ദേഹം ഉപേക്ഷിച്ചു. പിന്നീട് ആ കുട്ടി കാനഡയിൽ പോയി പി.എച്ച്.ഡി എടുക്കുകയും അങ്ങനെ ഡോക്ടറേറ്റ് ലഭിക്കുകയും ചെയ്തു.ഈ രീതിയിൽ അല്ലാഹു ഫള്ൽ ചെയ്തു.

ചെറിയ ചെറിയ കാര്യങ്ങളിൽ ജനങ്ങൾ തർക്കിക്കാറുണ്ട്. ഗവർമെന്റിൽ നിന്നും വല്ല അലവൻസും കുട്ടികൾക്ക് ലഭിക്കുമ്പോൾ അത് ഞാനെടുക്കും അല്ല ഞാനെടുക്കും എന്ന് പറഞ്ഞ് അതിനായി തർക്കിക്കുന്നു. എന്നാൽ ഇദ്ദേഹ ത്തിന്റെ മകൻ പറയുന്നു. എനിക്ക് നല്ല മാർക്ക് കിട്ടിയപ്പോൾ സ്കോളർഷിപ്പ് ലഭിച്ചു. എന്റെ ഉപ്പ പറഞ്ഞു. നിന്റെ അദ്ധ്വാനം കൊണ്ടാണ് നിനക്കീ സ്കോളർഷിപ്പ് ലഭിച്ചത്. നിന്റെ പഠനത്തിനുള്ള ചെലവും താമസത്തിനുള്ള ചെലവുമെല്ലാം ഞാൻ പൂർണ്ണമായും നൽകുന്നതാണ്. ഇത് നിന്റേതു തന്നെയാണ്. വീട്ടിലെ ആർക്കും അതിൽ അവകാശമുണ്ടായിരിക്കില്ല.

എന്നാൽ ഇതിന്റെ അർത്ഥം ഞങ്ങളുടേതെല്ലാം തരണം എന്ന് നാളെ കുട്ടികൾ ആവശ്യപ്പെടണമെന്നല്ല. എതൊരു കാര്യത്തിനാണോ പണമുള്ളത് അതിന് ചെലവഴിക്കപ്പെടണം എന്നതാണ്.

ഡോ. നൂരി സാഹിബ് എഴുതുന്നു.

1985 മുതൽ ഇദ്ദേഹത്തിന് ഹൃദ്രോഗമുണ്ടായിരുന്നു. ജീവിതം അവസാനിക്കാറായെന്ന് തോനുന്ന അവസ്ഥകൾ വരെ എത്തിയിട്ടുണ്ടായിരുന്നു. എന്നാൽ അല്ലാഹു വിവിധ അവസരങ്ങളിൽ മരണത്തിന്റെ വായിൽ നിന്നും അദ്ദേഹത്തെ രക്ഷിച്ചിട്ടുണ്ട്. ഞാൻ ഇദ്ദേഹത്തിന്റെ കേസ്സ് പല സെമിനാറുകളിലും കേൾപ്പിക്കാറുണ്ട്. ഈ അടയാളം പറയാറുണ്ട്. അപ്പോൾ ഡോക്ടർമാർ പറയാറുള്ളത് നിന്റെ രോഗികളുമായി ഇങ്ങനെയുള്ള മുഅ്ജിസ്സത്താണ് നടക്കാറ്.

ബംഗ്ലാദേശിൽ പോയപ്പോഴും ഞാൻ ചിന്താകുലനായിരുന്നു. കാരണം ഞാനാണ് അയച്ചിരുന്നത്. വിവിധ രോഗങ്ങളദ്ദേഹത്തിനുണ്ടായിരുന്നു. അല്ലാഹു സുഖമായി തിരിച്ചു കൊണ്ടുവരികയും കുറേ വർഷം ജോലി ചെയ്തുകൊണ്ട് ജീവിക്കാൻ അദ്ദേഹത്തിന് പിന്നീട് സാധിച്ചു.

ഇദ്ദേഹത്തോടോപ്പം ജോലി ചെയ്യുന്ന ഇബാദുർറഹ്മാൻ മുറബ്ബി സിൽസില എഴുതുന്നു. മാർച്ച് 20ന് മസീഹ് മൗഊദ് ദിനവുമായി ബന്ധപ്പെട്ടുകൊണ്ട് ജാമിഅയിൽ ഇദ്ദേഹത്തിന്റെ പ്രസംഗം വെച്ചിരുന്നു. പ്രിൻസിപ്പാൾ സാഹിബ് ഇദ്ദേഹത്തെ കാണാൻ വന്നപ്പോൾ ചൗധരി സാഹിബ് പറഞ്ഞു. ഇന്നലെ രാവിലെ 7 മണി മുതൽ 12 മണി വരെ ഇരുന്ന് പ്രസംഗം ഞാൻ തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ ഞാൻ ഹോസ്പിറ്റലിലാണ്. പ്രസംഗിക്കാൻ കഴിയില്ല.

ഏതായിരുന്നാലും എല്ലാ കാര്യങ്ങളും ഇദ്ദേഹം വളരെ ഗൗരവത്തോടുകൂടെ കണ്ടിരുന്നു. എല്ലാ പ്രവർത്തിയും നേരത്തെ ചെയ്തു വെക്കുമായിരുന്നു. ഞാനും ഇദ്ദേഹത്തിന്റെ ഓഫീസിൽ വക്കാലത്തെ മാലിൽ എട്ട് വർഷം പ്രവർത്തിച്ചിട്ടുണ്ട്. പലതും ഇദ്ദേഹത്തിൽ നിന്ന് പഠിച്ചു. ഡ്രാഫ്റ്റിംങ്ങ് വളരെ നല്ലതായിരുന്നു. ബജറ്റ് ഉണ്ടാക്കാൻ നല്ല കഴിവായിരുന്നു. രാത്രി 12 മണിവരെയെല്ലാം ഓഫീസിൽ ജോലി ഉണ്ടാകുമായിരുന്നു. മറ്റുള്ളവരോട് ചെയ്യാൻ പറഞ്ഞ് വീട്ടിൽ പോകാറല്ല. മറിച്ച് കൂടെ ഇരുന്ന് മുഴുവനും ജോലി ചെയ്യിപ്പിക്കുമായിരുന്നു. നല്ല ഇഖ്ലാസും കൂറും ഉണ്ടായിരുന്നു. ആദ്യം ഞാൻ കീഴിലാണ് ജോലി ചെയ്തത്. പിന്നീട് ഞാൻ നാസിർ അഅ്ലാ ആയപ്പോൾ അപ്പോഴും അനുസരണത്തിൽ വളരെ ഉന്നതനിലവാരം പുലർത്തിയിരുന്നു. ഖലീഫ ആയതിനുശേഷം ഇഖ്ലാസും ആത്മാർത്ഥതയും വളരെയധികം വർദ്ധിക്കുകയുണ്ടായി. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തട്ടെ. മക്കൾക്കും ഖിലാഫത്തുമായും ജമാഅത്തുമായും ബന്ധപ്പെട്ടു നിൽക്കാൻ കഴിയട്ടെ. നമസ്കാരശേഷം ജനാസ നമസ്കരിക്കുന്നതാണ്.

**PRINTED BOOKS**

**To**


**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 March 22 at : Baitul Futuh London
Translation: M.Nasir Ahmad, Kodiyathur - 09497343704

Typing: Nasarudheen A T & SEMIYYA
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**